പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2050                07.07.2015 ൽ മറുപടിക്ക്

## റെയിൽവെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** | | ആര്യാടൻ മുഹമ്മദ്<br>**(ഊർജ്ജ വകുപ്പുമന്ത്രി)** | |
| (എ) | 2015-16 വർഷത്തെ റെയിൽവെ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ കേരളം ഏതൊക്കെ പദ്ധതികളാണ് നിർദ്ദേശിച്ചതെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് നിന്നുള്ള ബഹു എംപിമാരുമായും റെയിൽവേയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും ചർച്ചകൾ നടത്തി സംസ്ഥാനത്തിനായി റെയിൽവേ കാലാകാലങ്ങളിലായി പ്രഖ്യാപിക്കുന്ന പദ്ധതികൾക്ക് ഊന്നൽ നൽകി സംസ്ഥാനത്തിന്റെ സമഗ്ര റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാം ക്രോഡീകരിച്ച് മുൻഗണനാക്രമത്തിൽ ചേർത്താണ് എല്ലാ റെയിൽവേ ബഡ്ജറ്റുകൾക്കും വളരെ മുൻപേ തന്നെ സംസ്ഥാന സർക്കാർ മെമ്മോറണ്ടം തയ്യാറാക്കി സമർപ്പിക്കുന്നത്.<br>സംസ്ഥാനത്ത് നടന്നു വരുന്ന പാതയിരട്ടിപ്പിക്കൽ, വൈദ്യുതീകരണം, ഗേജ്മാറ്റം, അങ്കമാലി - ശബരി പുതിയ പാത നിർമ്മാണം എന്നിവ പൂർത്തീകരിക്കുന്നതിന് 2014-15 വർഷം മൊത്തം ഇനിയും ആവശ്യമായ 390 കോടി രൂപയും 2015-16 ൽ ആവശ്യമായ മൊത്തം 648 കോടി രൂപയും 2015-16 ലെ റെയിൽവേ ബഡ്ജറ്റിനു മുന്നോടിയായി സംസ്ഥാന സർക്കാർ തയ്യാറാക്കി കേന്ദ്ര സർക്കാരിനു സമർപ്പിച്ച വിശദമായ മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിരുന്നു.<br>സംസ്ഥാനത്തിനായി പ്രത്യേക റെയിൽവേ സോൺ, പാലക്കാട് റെയിൽ കോച്ച് ഫാക്ടറി, ചേർത്തല |

| | | | |
|---|---|---|---|
| | | | വാഗൺ ഫാക്ടറി, റെയിൽവേ മെഡിക്കൽ കോളേജ്, റെയിൽവേയുടെ ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതി, ഗുരുവായൂർ - തിരുനാവായ - നിലമ്പൂർ - നഞ്ചൻഗുഡ് ഉൾപ്പെടെ പുതിയ ലൈനുകളുടെ നിർമ്മാണം, സംസ്ഥാനത്ത് ഓടുന്ന കോച്ചുകളുടെ നിലവാരം, കോട്ടയം, നേമം കോച്ചിംഗ് ഡിപ്പോകൾ, ROB കളുടെ നിർമ്മാണം തുടങ്ങി സംസ്ഥാനത്തിന്റെ ചിരകാല ആവശ്യങ്ങൾ എല്ലാം തന്നെ 2015-16-ൽ സാക്ഷാത്കരിക്കാനാവശ്യമായ വകയിരുത്തലുകൾ 2015-16 ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്നാണ് ടി മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിരുന്നത്.<br><br>സംസ്ഥാനത്ത് സബർബൻ റെയിൽ ഏർപ്പെടുത്തുന്നതിന് റെയിൽവേയുടെ പങ്കാളിത്തം പ്രഖ്യാപിക്കണമെന്ന് സംസ്ഥാന സർക്കാർ ടി മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിരുന്നു. ഈ പദ്ധതിക്കായി സംസ്ഥാന സർക്കാരും ഇന്ത്യൻ റെയിൽവേയും 50% പങ്കാളിത്തമുള്ള SPV 2015-16 ലെ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിക്കണമെന്ന് ടി മെമ്മോറാണ്ടത്തിലും പ്രത്യേകമായി ബഹു. മുഖ്യമന്ത്രിയുടെ 29.01.2015 ലെ അർദ്ധ ഔദ്യോഗിക കത്ത് മുഖേനയും ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുകൂല തീരുമാനം ഇതുവരെ ലഭ്യമായിട്ടില്ല.<br><br>തുടർന്നു വരുന്ന പ്രവൃത്തിയായതിനാൽ അങ്കമാലി - ശബരി ലൈൻ നിർമ്മാണ ചെലവിന്റെ സംസ്ഥാന സർക്കാരിന്റെ 50% ഓഹരി റെയിൽവേ നിർദ്ദേശിച്ചിരിക്കുന്നത് അനുസരിച്ച് റെയിൽവേക്ക് കേന്ദ്രസർക്കാർ നല്കണമെന്നും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ബഡ്ജറ്റിൽ കേരളത്തിലെ ഏതൊക്കെ പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) യും (സി) യും | 2015-16 ലെ റെയിൽവേ ബഡ്ജറ്റിൽ സംസ്ഥാനത്തിനായി പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികളും അനുവദിച്ച തുകയും ചുവടെ ചേർക്കുന്നു.<br>റെയിൽകോച്ച് ഫാക്ടറി പാലക്കാട് - 10 ലക്ഷം<br>കൊല്ലം 2-ാം ടെർമിനൽ - 1 ലക്ഷം<br><br>**പുതിയ പാത**<br>അങ്കമാലി - ശബരി - 5 കോടി<br>തിരുനാവായ ഗുരുവായൂർ - 1 കോടി<br><br>**പാത ഇരട്ടിപ്പിക്കൽ**<br>കോഴിക്കോട് - മാംഗ്ലൂർ - 4.2 കോടി<br>ചേപ്പാട്- കായംകുളം - 1 കോടി<br>മാവേലിക്കര - ചെങ്ങന്നൂർ - 1.6 കോടി<br>ചേപ്പാട് - ഹരിപ്പാട് - 5 കോടി<br>മുളംതുരുത്തി - കുറുപ്പൻതറ - 19 കോടി<br>ചെങ്ങന്നൂർ - ചിങ്ങവനം - 58 കോടി<br>കുറുപ്പൻതറ - ചിങ്ങവനം - 105 കോടി<br>അമ്പലപ്പുഴ - ഹരിപ്പാട് - 55 കോടി<br>എറണാകുളം - കുമ്പളം - 30 കോടി<br>കുമ്പളം - തുറവൂർ - 80 കോടി<br>തുറവൂർ - അമ്പലപ്പുഴ - 22 കോടി<br>തിരുവനന്തപുരം - കന്യാകുമാരി - 20 കോടി<br><br>**ഗേജ് മാറ്റം**<br>കൊല്ലം - തിരുനെൽവേലി-തൃച്ചന്തൂർ - 85 കോടി<br>ദിണ്ഡിഗൽ-പൊള്ളാച്ചി-പാലക്കാട്-100 കോടി<br>കൊച്ചുവേളി സെക്കന്റ് കോച്ചിംഗ് - 45 ലക്ഷം<br>ടെർമിനൽ Phase II<br>നിലമ്പൂർ റോഡ് റേക്ക് അൺലോഡിംഗ് - 80 ലക്ഷം<br>എറണാകുളം പിറ്റ് ലൈൻ - 3 കോടി<br>two stabling |
| (സി) | ഇതിനായി റെയിൽവെ എത്ര തുക നീക്കിവെച്ചെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ